ഏറ്റെടുക്കണമെന്ന നിബന്ധന ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദ് ചെയ്യുകയുണ്ടായി. കൂടാതെ ഭൂമിയുടെ അവകാശവുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത സിവിൽ കേസ് പാലാ മുൻസിഫ് കോടതിയുടെ പരിഗണനയിലാണ്. ഭൂമി ഏറ്റെടുക്കുന്നതിന് നോഡൽ ഏജൻസിയായി കിൻഫ്രയെ ചുമതലപ്പെടുത്തുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിന് കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. DGCA, കേന്ദ്ര പ്രധിരോധ മന്ത്രാലയം എന്നിവയുടെ അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷയും സമർപ്പിച്ചിട്ടുണ്ട്. സാമൂഹ്യ ആഘാത പഠനം, മണ്ണ് പരിശോധന, ഡി.ജി.സി.എ. ക്ലിയറൻസ്, സർവ്വേ, വിവര ശേഖരണം എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

തിരുവനന്തപുരം-കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽ പദ്ധതി

34 (37) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായുള്ള "സിൽവർ ലൈൻ" പദ്ധതിക്കായി "സിസ്ട്ര" സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടും അലൈൻമെന്റും റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമായതിനുശേഷം മാത്രം വാല്യൂ ക്യാപ്ച്ചറിംഗ്, ധനസമാഹരണം മുതലായവ ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ 26-8-2019-ലെ സ.ഉ. (കൈ) നമ്പർ 3/2019/ഗതാ. പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിക്ക് റെയിൽവേ ബോർഡ് തത്ത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. അലൈൻമെന്റോടുകൂടിയ വിശദ പദ്ധതി റിപ്പോർട്ടിന് 11-6-2020-ലെ സ.ഉ. (കൈ) നമ്പർ 18/2020/ഗതാ. ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി റിപ്പോർട്ട് കേന്ദ്ര റെയിൽവേ ബോർഡ്, DEA, കേന്ദ്ര മന്ത്രിസഭ എന്നിവയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്കായി വിദേശ വായ്പാ ഏജൻസികളിൽ നിന്നുമുള്ള ധനസഹായത്തിന് കേന്ദ്ര സാമ്പത്തികകാര്യ വകുപ്പ് ശിപാർശ ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ മേൽനോട്ടം കേരള സർക്കാർ - റെയിൽവേ മന്ത്രാലയം എന്നിവയുടെ സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന കമ്പനിക്കാണ്. നിർദ്ദിഷ്ട പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണ്; ഇതിനായി എത്ര തുക ആവശ്യമായി വരുമെന്ന് അറിയിക്കുമോ?

ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് 11837 കോടി രൂപ ആവശ്യമായി വരും. ഭൂമി ഏറ്റെടുക്കൽ പ്രക്രിയകൾ വേഗത്തിലാക്കാനും വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ സ്ഥലമേറ്റെടുപ്പും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും പൂർത്തീകരിക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. Right to Fair Compensation and Transparency in Land Acquisition Rehabilitation and Re-settlement (RFCTLARR) ആക്ടിന്റെ നയങ്ങൾക്ക് അനുസൃതമായുള്ള പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്. ഇതിനായി റവന്യൂ വകുപ്പിന് കീഴിൽ ഒരു ലാന്റ് അക്വിസിഷൻ പോർട്ടൽ രൂപീകരിച്ച് പ്രവൃത്തികളെല്ലാം ഡിജിറ്റലൈസ് ചെയ്തുകൊണ്ടുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളാണ് നിലവിൽ വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ ഭൂമി ഏറ്റെടുക്കേണ്ട ജില്ലകളിൽ ഡെപ്യൂട്ടി കളക്ടർമാരുടെ മേൽനോട്ടത്തിൽ പ്രത്യേക സെൽ രൂപീകരിച്ച് ഈ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളും ആവിഷ്കരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിക്കായി നിലവിൽ എന്ത് ചെലവ് പ്രതീക്ഷിക്കുന്നു; അതിനായുള്ള സാമ്പത്തിക സഹായത്തിനായി ഏതൊക്കെ ഏജൻസികളെയാണ് സമീപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഈ പദ്ധതിയുടെ പൂർത്തീകരണ ഘട്ടത്തിൽ 63941 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ജൈക, കെ.എഫ്.ഡബ്ല്യു., വേൾഡ് ബാങ്ക്, എ.ഐ.ഐ.ബി. തുടങ്ങിയ അന്താരാഷ്ട്ര ധനകാര്യ വായ്പാ ഏജൻസിയുമായി കേന്ദ്ര സാമ്പത്തികകാര്യ വകുപ്പ് മുഖേന കത്തിടപാടുകളും ചർച്ചകളും നടത്തിയിരുന്നു. ഇതിനായി സാമ്പത്തികകാര്യ വകുപ്പിന്റെ പ്രോജക്ട് മാനേജ്മെന്റ് ഗ്രൂപ്പ് പോർട്ടലിൽ പദ്ധതി വിവരങ്ങൾ (പി.പി.ആർ.) ഉൾക്കൊള്ളിക്കുകയും പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിരുന്നു. ഈ പ്രൊപ്പോസൽ വകുപ്പ് പരിഗണിക്കുകയും അവരുടെ സ്റ്റീയറിംഗ് കമ്മിറ്റി ചർച്ചകളിൽ ടി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. കൂടാതെ പദ്ധതിയുടെ ഡി.പി.ആർ. കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പദ്ധതിമൂലം എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടിവരും; അവരെ പുനരധിവസിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഏറ്റവും സാങ്കേതികമായും സാമ്പത്തികമായും അതിലുപരി സാമൂഹിക പ്രശ്നങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളിലൂടെയാണ് അലൈൻമെന്റ് നിശ്ചയിച്ചിരിക്കുന്നത്. ഈ പദ്ധതിക്ക് 1383 ഹെക്ടർ ഭൂമിയാണ് പുനരധിവാസത്തിന് ഉൾപ്പെടെ ആവശ്യമായി വരുന്നത്. ഇതിൽ 1198 ഹെക്ടർ സ്വകാര്യ ഭൂമിയാണ്. ഈ പദ്ധതി സംസ്ഥാനത്തൊട്ടാകെ വീടുകൾ ഉൾപ്പെടെ 9314 കെട്ടിടങ്ങളെ മാത്രമാണ് ബാധിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. ഒരു ഹെക്ടറിന് ഏകദേശം 9 കോടി രൂപ നഷ്ടപരിഹാരമായി കണക്കാക്കിയിരിക്കുന്നു. എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടി വരുമെന്ന് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സർവ്വേയിലെ നിജപ്പെടുത്താൻ സാധിക്കുകയുള്ളൂ.

(ഇ) ഈ സർക്കാരിന്റെ കാലയളവിൽത്തന്നെ പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ കഴിയുമോയെന്ന് അറിയിക്കുമോ?

റെയിൽവേ ബോർഡിന്റെയും കേന്ദ്ര സർക്കാരിന്റെയും അംഗീകാരം ലഭ്യമാക്കുന്ന മുറയ്ക്ക് നിർമ്മാണവും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും 2021-22 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നതിനും 5 വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

സെമി ഹൈസ്പീഡ് റെയിൽ പദ്ധതി

35 (38) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെമി ഹൈസ്പീഡ് റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ ആകാശ സർവ്വേയുടെ റിപ്പോർട്ടിൽ സർവ്വേ ഓഫ് ഇന്ത്യയും കേന്ദ്ര പ്രതിരോധ മന്ത്രാലയവും പരിശോധനകൾ പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള ഡി.പി.ആർ.-ന് സംസ്ഥാനം അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ മൂലധനസമാഹരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും സ്വദേശ-വിദേശ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച